**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3355** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഓഫീസ് നവീകരണത്തിനായി ബജറ്റിൽ അനുവദിച്ച തുകയുടെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ ഡിജിറ്റൽ സർവ്വേ, ഡിജിറ്റലൈസേഷൻ തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടെ ഓഫീസ് നവീകരണത്തിനായി 2023-24 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച 23 കോടി രൂപ മുഴുവനും വിനിയോഗിക്കപ്പെടാതെ തിരിച്ചടക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2023-24 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച 23 കോടി രൂപ മുഴുവനും വിനിയോഗിക്കപ്പെടാതെ തിരിച്ചടക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവത്കരണം എന്ന പദ്ധതിയ്ക്കായി വിവിധ പദ്ധതി ഘടകങ്ങൾക്കായി 5475-00-800-77-02 എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരുന്ന 23 കോടി രൂപയ്ക്ക് 23.08.2023 തീയതിയിലെ സ.ഉ (സാധാ) നം. 3097/2023/റവ നമ്പർ സർക്കാരുത്തരവ് പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. 'റവന്യൂ വകുപ്പിൽ ഡിജിറ്റൽ സർവ്വെ' എന്ന പ്രവൃത്തി പ്രസ്തുത പദ്ധതി ഘടകത്തിലുൾപ്പെട്ടിട്ടില്ലാത്തതാണ്.<br><br>റവന്യൂ വകുപ്പിൽ ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിൽ റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകൾക്ക് വേണ്ടി 303 ലാപ്ടോപ്പുകൾ വാങ്ങുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും ട്രഷറി നിയന്ത്രണം കാരണം ടി തുക (1,18,99,008/- രൂപ) 2024-25 സാമ്പത്തിക വർഷത്തിലാണ് മാറി നൽകുവാൻ സാധിച്ചത്. കൂടാതെ എല്ലാ ജില്ലകളിലേക്കും FMS ചെലവുകൾക്കായി 3,36,24,213/- രൂപയും നാല് സബ് കളക്ടർമാർക്കായി high end ഡെസ്ക്ടോപ്പ് പർച്ചേസ് ചെയ്യുക വഴി 1,96,764/- രൂപയും 2023-24 സാമ്പത്തിക വർഷം തന്നെ വിനിയോഗിച്ചിട്ടുള്ളതുമാണ്. തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലെ വിവിധ ഓഫീസുകൾക്കു വേണ്ട UPS സംവിധാനം നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ ഡെപ്പോസിറ്റ് വർക്ക് ആയി 5,59,81,000/- രൂപയുടെ അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങളും അന്തിമ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | 04.06.2022 തീയതിയിലെ സ.ഉ (അച്ചടി) നം.62/2022/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഫലപ്രദമായ ഗ്യാപ് സ്റ്റഡി നടത്തി ആവശ്യകത ഉറപ്പ് വരുത്തിക്കൊണ്ട് റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ എം.എൽ.എ മാരുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ചും വാങ്ങി വിതരണം ചെയ്തുവരുന്നുണ്ട്.<br><br>സമ്പൂർണ്ണ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലും കളക്ടറേറ്റുകളിലും റവന്യൂ ഡിവിഷണൽ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഇന്റർനെറ്റ് ലഭ്യതയും ഇ-ഓഫീസ് ലഭ്യതയും ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്.<br><br>വാർഷിക പദ്ധതി ഇനത്തിൽ അനുവദിക്കുന്ന തുക അതത് കാലങ്ങളിൽ നിലവിലുള്ള സാമ്പത്തിക നിയന്ത്രണങ്ങൾക്കു വിധേയമായി മാത്രമേ ചെലവഴിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | വില്ലേജ്, താലൂക്ക് ഓഫീസുകളിൽ ആവശ്യമായ കമ്പ്യൂട്ടറുകളും പ്രിന്ററുകളും ഉൾപ്പെടെയുള്ള പുതിയ ഐ.ടി. ഉപകരണങ്ങളുടെ അഭാവം മൂലം ജീവനക്കാരും പൊതുജനങ്ങളും പ്രയാസപ്പെടുന്ന സാഹചര്യത്തിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതെ തിരിച്ചടക്കേണ്ടി വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | 'എ പിരിവിനുള്ള മറുപടി' |
| (സി) | അടിസ്ഥാന സൗകര്യ വികസനത്തിനും ഓഫീസ് നവീകരണത്തിനും ബജറ്റിൽ അനുവദിക്കുന്ന തുക പോലും വിനിയോഗിക്കാത്തതിന്റെ കാരണം പരിശോധിക്കുവാനും ഇത് തുടർന്നും ആവർത്തിക്കാതിരിക്കുവാനും വകുപ്പ് തലത്തിൽ കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (സി) | 'എ പിരിവിനുള്ള മറുപടി' |

സെക്ഷൻ ഓഫീസർ